# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1345.**

**11-08-2017 ൽ മറുപടിയ്ക്ക്**

## "നമ്മുടെ നെല്ല് നമ്മുടെ അന്നം" പദ്ധതി

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി
,, ആർ. രാജേഷ്
,, പി. ഉണ്ണി
,, സി. കെ. ശശീന്ദ്രൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള 'നമ്മുടെ നെല്ല് നമ്മുടെ അന്നം' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. 'നമ്മുടെ നെല്ല് നമ്മുടെ അന്നം' പദ്ധതിയുടെ ഭാഗമായിട്ട് 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിക്കുന്നു. |
| (ബി) | ഒരു വർഷക്കാലം നെൽവർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (ബി) | ഒരു വർഷക്കാലം നെൽ വർഷമായി ആചരിക്കുന്ന പദ്ധതിയുടെ ഭാഗമായി പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടിയാണ് നടപ്പാക്കാൻ ആസൂത്രണം ചെയ്തിരുന്നത്. അതിൽനിന്നും മുൻഗണനാ ക്രമത്തിൽ തെരെഞ്ഞെടുത്ത 10 ഘടകങ്ങൾക്ക് പ്രാമുഖ്യം കൊടുത്ത്കൊണ്ട് പദ്ധതികൾ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽ കൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായിക വിനോദ മേഖലയും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും തുടങ്ങിയ 10 ഇനങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. |
| (സി) | കരനെൽകൃഷിയുടെ വ്യാപനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) | സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2017-18 വർഷത്തിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് ആസ്പദമായി 2560 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി ചെയ്യിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഹെക്ടറിന് 13600/- രൂപ സബ്സിഡി നൽകും. ആകെ 348.16 ലക്ഷം രൂപ ഈ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുണ്ട്. 'ഓണത്തിനു മുറ്റത്തു നിന്നും |

| | | | |
|---|---|---|---|
| | | | ഒരു പറ നെല്ല് എന്ന ആശയപ്രകാരം ഈ സീസണിൽ കരനെൽകൃഷി ചെയ്യുന്നതിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. |
| (ഡി) | കുട്ടനാട്, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കൈപ്പാട് തുടങ്ങിയ പ്രദേശങ്ങളിൽ നെൽകൃഷി വിപുലപ്പെടുത്തുന്നതിനായി പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | 2017-18 വർഷം നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉത്പാദന വർദ്ധനവിന് സാധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കൈപ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല (Special Agricultural Zone) യായി പ്രഖ്യാപിച്ചു അതിൽപ്പെടുത്തി നെൽകർഷകർക്ക് ഉപയുക്തമാം വിധം പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു. 1200 ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങളുടെ കൃഷി ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ